(സി) സംസ്ഥാനത്തുല്പാദിപ്പിക്കുന്ന വിദേശമദ്യത്തേക്കാൾ കൂടുതലായി ആവശ്യമായി വരുന്ന മദ്യം പുറത്തുനിന്ന് കൊണ്ടു വരികയാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈയിനത്തിൽ സംസ്ഥാനത്തിനകത്തുനിന്നും എന്തു തുക സംസ്ഥാനത്തിനു പുറത്തേയ്ക്കു പോകുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ ഡിസ്റ്റിലറികൾ സ്ഥാപിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2003-2004 സാമ്പത്തിക വർഷത്തിൽ 9,19,81,329.35 ലിറ്റർ (ബൾക്ക് ലിറ്റർ) ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഓരോ വർഷവും വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ അളവ് വ്യത്യസ്തമായതിനാൽ പ്രതിവർഷം സംസ്ഥാനത്തിനാവശ്യമായ മദ്യം എത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. 2003-2004 വർഷത്തിൽ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ആകെ 105.98 ലക്ഷം കെയ്സ് മദ്യം വിറ്റഴിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) സംസ്ഥാനത്തിനകത്തുനിന്നും സംസ്ഥാനത്തിന് പുറത്തേയ്ക്കും പുറത്തുനിന്ന് സംസ്ഥാനത്തിനകത്തേയ്ക്കും മദ്യത്തിന്റെ വിനിമയം നടക്കുന്നുണ്ട്. ഇതു സംബന്ധിച്ച വ്യക്തമായ കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഇല്ല.

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ നികുതി

117 [1096] ശ്രീ. എ. പി. അനിൽകുമാർ:
„ കെ. അച്ചുതൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ എൻ. ശക്തൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ നികുതി കുറയ്ക്കുകയുണ്ടായോ;

(ബി) നികുതി കുറയ്ക്കുമ്പോൾ മദ്യവിൽപ്പന കൂടുന്നതിന്റെ ഫലമായി നികുതി പിരിവ് വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിൽപ്പന വർദ്ധിച്ചതിന്റെ ഫലമായി ഇതുവരെ മദ്യത്തിന്റെ നികുതി പിരിവിൽ എന്തു വർദ്ധനയുണ്ടായി എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഈ സാമ്പത്തിക വർഷം മുതൽ മൂല്യാനുപാതിക (Advalorem) ഡ്യൂട്ടി വ്യവസ്ഥ മാറ്റി നിശ്ചിത (Specific) ഡ്യൂട്ടി വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി വിലകൂടിയ മദ്യങ്ങളുടെ നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

(ബി) കൂടുതൽ വിലയുള്ള മദ്യങ്ങളുടെ നികുതി കുറയ്ക്കുമ്പോൾ ആ തരത്തിലുള്ള മദ്യത്തിന്റെ വില്പന കൂടുന്നതിന്റെ ഫലമായി നികുതി പിരിവ് വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പിന്നിട്ട രണ്ട് മാസത്തെ കണക്കുകൾ പ്രകാരം 2003-2004 സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 40.60 കോടി രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വരുമാന വർദ്ധനവിന്റെ ഒരു കാരണം വിലകൂടിയ മദ്യത്തിന്റെ വില്പനയിലുണ്ടായ വർദ്ധനവാണ്.

ബാർ ലൈസൻസുകൾ പുതുക്കുന്ന നടപടി

118 [1097] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

" ജി. പ്രതാപവർമ്മ തമ്പാൻ:

" തിരുവഞ്ചൂർ രാധാകൃഷ്ണൻ:

" എം. കെ. പോൾസൺ മാസ്റ്റർ:

" വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസുകൾ പുതുക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) നിലവിലുള്ള ബാർ ലൈസൻസ് എന്തെല്ലാം കാരണങ്ങളിലാണ് പുതുക്കി നൽകാത്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിയന്ത്രണങ്ങൾ നിലവിലിരിക്കെ ഈ വർഷം ബാർ ലൈസൻസ് പുതുക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം ബാറുകളുടെ ലൈസൻസുകളാണ് പുതുക്കിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly